No. PC & S/ 2-6/ 185 / 2016 26/ 08/ 16

കേരള കാർഷിക സർവ്വകലാശാല
ഹോർട്ടികൾചർ കോളേജ് വെള്ളാനിക്കര

# ദർഘാസ് /ലേലം നോട്ടീസ്

കേരള കാർഷിക സർവ്വകലാശാലയുടെ ഹോർട്ടികൾച്ചർ കോളേജിൽ നിന്നും പരസ്യപ്പെടുത്തുന്നത്.

ഈ കോളേജിനോടനുബന്ധിച്ച പ്ലാന്റേഷൻ ക്രോപ്സ് ആന്റ് സ്പൈസസ് ഫാമിലെ 828 തെങ്ങുകളിൽനിന്നും 08/09/16 മുതൽ 31/08/2017 വരെയുള്ള ഒരു വർഷത്തെ കാലയളവിൽ മൂപ്പെത്തിയ നാളികേരം ഇട്ടെടുക്കുന്നതിന് താത്പര്യമുള്ള വക്തികളിൽ നിന്നും ഇതിനോടൊപ്പം ചേർത്തിരിക്കുന്ന വ്യവസ്ഥകൾ പ്രകാരം ദർഘാസ്/ലേലം ക്ഷണിക്കുന്നു.

1. ദർഘാസ് ഫോറം 400 രൂപ + വാറ്റ് 5% വിലയ്ക്ക് 07.09.16ന് 4 പി. എം. വരെ ഈ ഓഫീസിൽ നിന്നും ലഭിക്കുന്നതാണ്. ദർഘാസുകൾ 07/09/2016 ന് രാവിലെ 10.30 മണിക്ക് മുൻപായി പൊഫസർ ആന്റ് ഹെഡ്, ഹോർട്ടികൾചർ കോളേജ്, **വെള്ളാനിക്കര എന്ന വിലാസത്തിൽ** സമർപ്പിക്കേണ്ടതാണ്. ദർഘാസ്/ ലേലത്തിൽ പങ്കെടുക്കുന്നവർ നിരതദ്രവ്യമായി 20,000ക. (ഇരുപതിനായിരം രൂപ മാത്രം) കെട്ടി വെക്കേണ്ടതാണ്. ദർഘാസ് സമർപ്പിച്ചിട്ടുള്ളവർക്ക് താല്പര്യമുണ്ടെങ്കിൽ പൊതു ലേലത്തിൽ പങ്കെടുക്കാവുന്നതാണ്.

2. ദർഘാസ്/ലേലത്തിൽ പങ്കെടുക്കുന്നവർ അംഗീകൃത തിരിച്ചറിയൽ കാർഡ്, മേൽവിലാസം, സഹിതം മുൻകൂട്ടി ഹാജരാകണം.
3. 07/09/2016 ന് രാവിലെ 11.30 മണിയ്ക്ക് അപ്പോൾ സന്നിഹിതരായിരിക്കുന്നവരുടെ സാന്നിദ്ധ്യത്തിൽ പരസ്യ ലേലം നടത്തുന്നതും തുടർന്ന് ദർഘാ സുകൾ തുറക്കുന്നതുമാണ്. കൂടുതൽ തുക നിർദ്ദേശിച്ചിട്ടുള്ള ദർഘാസ്/ ലേലക്കാരന്റെ പേരിൽ ഫാം മേധാവിയുടെ യുക്താനുസരണം ദർഘാസ്/ ലേലം ഉറപ്പിക്കുന്നതാണ്
4. .ദർഘാസ്/ലേലം ഉറപ്പിച്ചു കിട്ടുന്നവർ തുകയുടെ രണ്ടിൽ ഒരു ഭാഗം അപ്പോൾ തന്നെ അടയ്ക്കേണ്ടതാണ്. ബാക്കി തുക ദർഘാസ് /ലേലം ഉറപ്പിച്ച തിയതി മുതൽ നാല്പത്തിയഞ്ചു (45) ദിവസത്തിനുള്ളിൽ അടയ്ക്കേണ്ടതാണ്. അല്ലാത്തപക്ഷം ദർഘാസ്/ ലേലം ഉടനടി റദ്ദു ചെയ്യുന്നതും പുനർ ദർഘാസ്/ ലേലത്തിൽ ഉണ്ടാകുന്ന നഷ്ടം ആദ്യ ദർഘാസ് / ലേലക്കാരനിൽ നിന്നും ഈടാക്കുന്നതുമാണ്.
5. ദർഘാസ്/ലേലത്തിൽ പങ്കെടുക്കുവാൻ താൽപ്പര്യമുള്ളവർക്ക് ഫാമിലെ നാളികേര തോട്ടങ്ങൾ 06-09-2016 വരെയുള്ള പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 9 മുതൽ വൈകീട്ട് 3 മണി വരെ ഫാം മാനേജരുടെ മുൻകൂർ അനുമതിയോടുകൂടി സന്ദർശിക്കാവുന്നതാണ്.
6. വിളവെടുക്കുന്ന ദിവസം മുൻ കൂട്ടി അറിയിക്കേണ്ടതും, വിളവെടുപ്പ്, ചുമതലയുള്ള ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തേണ്ടതുമാണ്. ഓരോ ദിവസവും തെങ്ങിൽ നിന്നു ലഭിക്കുന്ന നാളികേരത്തിന്റ എണ്ണം ഓഫീസിൽ ബോധ്യപെടുത്തിയതിനുശേഷം മാത്രം വെളിയിൽ കൊണ്ടുപോകാവുന്നതാണ്.
7. യാതൊരു കാരണവശാലും 2017 മെയ് മാസത്തിനുശേഷം ഏഴു മാസത്തി**ൽ** കൂറഞ്ഞ മൂപ്പുള്ള നാളികേരം ഇട്ടെടുക്കാൻ പാടുള്ളതല്ല. മറച്ചു ചെയ്യുന്ന പക്ഷം ദർഘാസ്/ലേലം റദ്ദു ചെയ്യുന്നതും, തുക യൂണിവേഴ്സിററിയിൽ മുതൽ കൂട്ടുന്നതായിരിക്കും.
8. തിരഞ്ഞെടുത്ത തെങ്ങുകളിൽ നിന്നും പ്രതിവർഷം ഉദ്ദേശം 200 നാളികേരം / കരിക്കും, പഠനാവശ്യത്തിനുള്ള പൂക്കുലയും ഇട്ടെടുക്കുന്നതിനുള്ള അവകാശം ഈ ഓഫീസിൽ നിക്ഷിപ്തമായിരിക്കും.

9. തെങ്ങിൻപട്ട, ഓല, കൊതുമ്പ് എന്നിവ ഫാമിനുള്ളതാണ്.
10. തെങ്ങിൽ കയറി വിളവെടുക്കേണ്ടതും, വിളവെടുക്കുമ്പോൾ ഫാമിലെ മറ്റ് വിളകൾക്ക് കേടുപാടുകൾ വരുത്താൻ പാടുള്ളതല്ല. മറിച്ചു സംഭവിക്കുന്ന പക്ഷം ഉണ്ടാകുന്ന നഷ്ടം ലേലക്കാരിൽ നിന്നും ഈടാക്കുന്നതാണ്.
11. കുരുമുളകു വള്ളികൾ പടർത്തിയിട്ടുള്ള തെങ്ങുകളിൽ ഏണി വെച്ച് കയറേണ്ടതും, കുരുമുളകു വള്ളികൾ കേടുവരുത്താൻ പാടുള്ളതല്ല. കുരുമുളകു വള്ളികൾ നശിപ്പിക്കുന്നപക്ഷം ഉണ്ടാകുന്ന നഷ്ടം ലേലക്കാരിൽ നിന്നും ഈടാക്കുന്നതാണ്.
12. ദർഘാസ് /ലേലം സംബന്ധിച്ച ഏതു തീരുമാനവും എടുക്കുന്നതിനുള്ള അധികാരം താഴെ ഒപ്പിട്ടിട്ടുള്ള ഉദ്യോഗസ്ഥനിൽ പൂർണ്ണമായും നിക്ഷിപ്തമാണ്.
13. മററു സർക്കാർ ദർഘാസ് /ലേലത്തിനുള്ള എല്ലാ നിബന്ധനകളും ഈ ലേലത്തിനും ബാധകമാണ്

ഒറ/

**പ്രൊഫസർ & ഹെഡ്**
**ഡിപ്പാർട്ട്മെന്റ് ഓഫ് പ്ലാന്റേഷൻ ക്രോപ്സ് ആന്റ് സ്പൈസസ്,**
ഹോർട്ടികൾച്ചർ കോളേജ് വെള്ളാനിക്കര

**വെള്ളാനിക്കര**

**26/8/2016**

- നോട്ടീസ് ബോർഡ്
- ഹോർട്ടികൾച്ചർ കോളേജ് വെള്ളാനിക്കര
- എസ്റ്റേറ്റ് ഓഫീസ്
- ATIC
- Local circulation
- Panchayath office, Madakkathara